## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1708** **05.12.2014- ൽ മറുപടിക്ക്**

## നെടുമ്പന ഇരവിപുരം കൃഷിഭവനുകളുടെ നിയന്ത്രണ അധികാര വിഭജനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡല പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നെടുമ്പന ഗ്രാമപഞ്ചായത്തിനെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുത്തുകയും പകരമായി പൂയപ്പള്ളി ഗ്രാമപഞ്ചായത്തിനെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും പൂയപ്പള്ളി കൃഷി ഭവൻ ഇപ്പോഴും കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലാണെന്ന വസ്തുത ഗവൺമെന്റ് ശ്രദ്ധിച്ചുവോ; | (എ)യും<br>(ബി)യും | ഉണ്ട്. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് നെടുമ്പന കൃഷിഭവനെ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഇരവിപുരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും, പൂയപ്പള്ളി കൃഷിഭവനെ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലും ഉൾപ്പെടുത്തി ഉത്തരവാകുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ